"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് - **Diversification of fish seed production**" പദ്ധതിയ്ക്കായി 50 ലക്ഷം രൂപ അഡാക്കിന് അനുവദിക്കുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി)വകുപ്പ്**

സ.ഉ.(സാധാ) നം.77/2024/F&P    തീയതി,തിരുവനന്തപുരം, 04-02-2024

---

പരാമർശം:- 1. സ.ഉ.(സാധാ)നം.833/2023/മ.തു.വ തീയതി 19/10/2023.

2. ഫിഷറീസ് ഡയറക്ടറുടെ 26.10.2023 ,19.12.2023 എന്നീ തീയതികളിലെ DFTVM/1379/2023-C2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സർക്കാരിന്റെ ശുദ്ധജല മത്സ്യവിത്ത് ഫാമുകളായ കുളത്തുപ്പുഴ, പീച്ചി, ഉള്ളനം, കല്ലനോട് എന്നിവിടങ്ങളിൽ **Diversification of fish seed production** എന്ന പദ്ധതി നടപ്പിലാക്കുന്നതിന് പരാമർശം(1) പ്രകാരം 259.11 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിരുന്നു. പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ബില്ലുകൾ പാസ്സാക്കി നൽകുന്നതിന് ആദ്യ ഗഡുവായി 93,37,280/- രൂപ (തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി മുപ്പത്തി ഏഴായിരത്തി ഇരുന്നൂറ്റി എൺപത് രൂപ മാത്രം) അഡാക്കിന്റെ തിരുവനന്തപുരം ജില്ല ട്രഷറിയിലെ പ്ലാൻ TSB NO. 799012700001229 എന്ന അക്കൗണ്ടിലേക്ക് അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശം(2) പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "**Diversification of fish seed production**" പദ്ധതിയ്ക്കായി 2405-00-101-87-34(പ്ലാൻ) ശീർഷകത്തിൽ നിന്ന് 50 ലക്ഷം രൂപ (അൻപതു ലക്ഷം രൂപ മാത്രം) അഡാക്കിന്റെ തിരുവനന്തപുരം ജില്ല ട്രഷറിയിലെ പ്ലാൻ TSB NO. 799012700001229 എന്ന അക്കൗണ്ടിലേക്ക് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SIVADAS B**

അണ്ടർ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫിഷറീസ് ഡയറക്ടർ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്),കേരളം,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ),കേരളം,തിരുവനന്തപുരം
ധനകാര്യ വകുപ്പ് (2611179/WCD2/336/2023/FIN dated 23/1/24)
വിവര പൊതുജനസമ്പർക്ക
വകുപ്പ്(വെബ്&ന്യൂമീഡിയ)വകുപ്പ്,തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാൻ വേണ്ടി
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി